# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.191      04-05-2017-ലെ മറുപടിയ്ക്ക്

**ചോദ്യം**      **ഉത്തരം**

ശ്രീ. കെ.എം. മാണി      ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>കേരള ബാങ്ക് തുടങ്ങുന്നതിനുള്ള നടപടികൾ</u>**

| | | |
|---|---|---|
| (എ) | കേരള ബാങ്ക് തുടങ്ങുന്നതിന് എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ; | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി പഠനം നടത്തി 28-04-2017 ന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | |
| (സി) | റിസർവ് ബാങ്ക് നിയമം അനുസരിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി പാലിക്കേണ്ടത് ; | ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ റിസർവ് ബാങ്ക് ആക്ടിൽ പ്രതിപാദിച്ചിട്ടില്ല. |
| (ഡി) | കേരള ബാങ്ക് എന്ന് നിലവിൽ വരുമെന്നാണ് ഉദ്ദേശിക്കുന്നത് ; | കേരള ബാങ്ക് നിലവിൽ വരുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല. |
| (ഇ) | കേരള ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ മൂലധനം എത്ര ; അത് എവിടെനിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാർ നയത്തിന്റെ ഭാഗമായും ആയിരിക്കും ഇക്കാര്യം നിശ്ചയിക്കുക. റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**